ഭരണഭാഷ - മാതൃഭാഷ


സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307


**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ഗവ .എഞ്ചിനീയറിംഗ് കോളേജുകളിലെ - രണ്ടാം വർഷ (2021 - 22 അഡ്മിഷൻ) എം. ടെക് വിദ്യാർത്ഥികൾക്ക്- മൂന്നാം സെമസ്റ്ററിലെ നോൺഗേറ്റ് സ്കോളർഷിപ്പ് തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

PLANNING SECTION

നം: L5/6210/22/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 12.03.2023

വായന:- 1. 10/10/2017 ലെ ഈ ഓഫീസിലെ എൽ5/39127/16 നമ്പരിലെ ഗൈഡ് ലൈൻസ്
2. എല്ലാ ഗവ. എഞ്ചിനീയറിങ് കോളേജുകളിലെയും സ്ഥാപനമേധാവികളുടെ സമർപ്പണം.

**ഉത്തരവ്**

എല്ലാ ഗവ. എഞ്ചിനീയറിങ് കോളേജുകളിലെയും ഓരോ സെമസ്റ്ററിലെയും എം.ടെക് വിദ്യാർത്ഥികളിൽ നിന്നും നോൺഗേറ്റ് സ്കോളർഷിപ്പിന് അർഹതയുള്ള 5 വിദ്യാർത്ഥികൾക്കു വീതം മെറിറ്റ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുക നൽകുന്നതാണെന്ന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ 2021 - 22 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ രണ്ടാം വർഷ എം.ടെക് വിദ്യാർത്ഥികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 5 വിദ്യാർത്ഥികൾക്ക് മൂന്നാം സെമസ്റ്ററിലെ നോൺഗേറ്റ് സ്കോളർഷിപ്പ് തുക അനുവദിക്കണമെന്ന് സൂചന (2) പ്രകാരം സ്ഥാപനമേധാവികൾ ആവശ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ സൂചന (2) പ്രകാരം ഫണ്ട് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ഗവ. എഞ്ചിനീയറിങ് കോളേജുകളിലെയും മൂന്നാം സെമസ്റ്ററിലെ 5 എം. ടെക് വിദ്യാർത്ഥികൾക്ക് പ്രതിമാസം 6000/- രൂപ (ആറായിരം രൂപ) നിരക്കിൽ സ്ഥാപന മേധാവികൾക്കു 2023 മാർച്ച് 31 വരെയുള്ള നോൺഗേറ്റ് സ്കോളർഷിപ്പിൻറെ ആകെ തുകയായ **12,43,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപ മാത്രം)** ചുവടെ കൊടുക്കുന്ന രീതിയിൽ അനുവദിച്ചു ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | സ്കോളർഷിപ്പ് നൽകുന്ന കാലയളവ് | വിദ്യാർത്ഥികളുടെ ആകെ എണ്ണം | പ്രതിമാസ തുക | അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|---|
| 1 | കോളേജ് ഓഫ് എഞ്ചിനീയറിങ് , തിരുവനന്തപുരം | 2022 ഒക്ടോബർ മുതൽ 2023 ജനവരി വരെ (4 മാസം) | 5 | 6000/- | 1,20,000/- |
| 2 | ഗവ. എഞ്ചിനീയറിങ് കോളേജ്, ബാർട്ടൻഹിൽ | 01/10/2022 മുതൽ 28/02/2023 വരെ (5 മാസം) | 5 | 6000/- | 1,50,000/- |
| 3 | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ,കോട്ടയം | 16/08/2022 മുതൽ 30/11/2022 വരെ (3.5 മാസം) | 5 | 6000/- | 1,05,000/- |
| 4 | ഗവ. എഞ്ചിനീയറിങ് കോളേജ്, തൃശ്ശൂർ | 16/08/2022 മുതൽ 07/01/2023 വരെ (4 മാസം 22 ദിവസം) | 5 | 6000/- | 1,42,000/- |
| 5 | ഗവ. എഞ്ചിനീയറിങ് കോളേജ്, ശ്രീകൃഷ്ണപുരം | 16/08/2022 മുതൽ 16/02/2023 വരെ (6 മാസം) | 5 | 6000/- | 1,80,000/- |
| 6 | ഗവ. എഞ്ചിനീയറിങ് കോളേജ്, പൈനാവ് | 2022 സെപ്തംബർ മുതൽ 2022 ഡിസംബർ വരെ (4 മാസം) | 5 | 6000/- | 1,20,000/- |

Draft #15 of File L5/6210/22/DTE Approved by Director (in-charge) on 12-Mar-2023 07:10 AM - Page 1

| | | | | | |
|---|---|---|---|---|---|
| 7 | ഗവ. എഞ്ചിനീയറിങ് കോളേജ്, വയനാട് | 01/09/2022 മുതൽ 31/12/2022 വരെ (4 മാസം) | 4 | 6000/- | 96,000/- |
| 8 | ഗവ. എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട് | 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെ (6 മാസം) | 5 | 6000/- | 1,80,000/- |
| 9 | ഗവ. കോളേജ് ഓഫ് എഞ്ചിനീയറിങ്, കണ്ണൂർ | 01/11/2022 മുതൽ 31/03/2023 വരെ (5 മാസം) | 5 | 6000/- | 1,50,000/- |
| | | | | **ആകെ തുക** | 12,43,000/- |

സൂചന (2)ൽ പരാമർശിക്കുന്ന പ്രൊപോസലുകൾ പ്രകാരം, തെരെഞ്ഞെടുക്കപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക്, സെമസ്റ്റർ ആരംഭിച്ച തീയതിക്ക് ആനുപാതികമായി ടി സ്കോളർഷിപ്പ് തുക സ്ഥാപനമേധാവികൾ സമയബന്ധിതമായി വിതരണം ചെയ്യേണ്ടതാണ്. വിതരണം ചെയ്യുന്നതിന് മുൻപ് ടി വിദ്യാർത്ഥികൾ ഈ കാലയളവിൽ മറ്റ് യാതൊരു സ്കോളർഷിപ്പും കൈപ്പറ്റുന്നില്ല എന്നും മതിയായ ഹാജർ നില ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. സ്കോളർഷിപ്പ് തുക വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതിനു ശേഷം ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഈ ഇനത്തിൽ ചെലവാകുന്ന തുക "2203-00-112-41-34OC(3)-OI-Plan-Development of Engineering Colleges" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. 31/03/2023 ന് ശേഷമുള്ള കാലയളവിലെ തുക അടുത്ത സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതാണ്.

ഒപ്പ് /-

ഡോ. ബൈജുഭായ് ടി.പി *
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

എല്ലാ ഗവ. എഞ്ചിനീയറിങ് കോളേജുകളിലെയും സ്ഥാപനമേധാവികൾ

പകർപ്പ്

1. അക്കൌണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. സീനിയർ ഫിനാൻസ് ഓഫീസർ
3. അസിസ്റ്റൻറ് ഡയറക്ടർ(പ്രോജക്ട്സ്)
4. സ്റ്റോക്ക് ഫയൽ & ഓഫീസ് കോപ്പി

Approval Valid

Digitally Approved By
ഡോ. ബൈജുഭായ് ടി.പി *
Date: 12.03.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #15 of File L5/6210/22/DTE Approved by Director (in-charge) on 12-Mar-2023 07:10 AM - Page 2